# സ്വാമി ശരണം
# തിരുവിതാംകൂർ ദേവസ്വം ബോർഡ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസ്,
എസ്റ്റേറ്റ് വകുപ്പ്,
തിരുവനന്തപുരം-1, 0471-2337790

# ക്വട്ടേഷൻ പരസ്യം

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നെയ്യാറ്റിൻക്കര ഗ്രൂപ്പിലെ കുറ്റിച്ചൽ ദേവസ്വത്തിലെ ആഞ്ഞിലി, മഹാഗണി എന്നീ മരങ്ങൾ (സർവ്വേ റിപ്പോർട്ട് തുകയായ 82,048/- രൂപ ബോർഡ് ആർ.ഒ.സി.നമ്പർ 16440/15/എം, തീയതി 05/01/2016 ഉത്തരവ് പ്രകാരം) ടി ആഫീസിൽവച്ച് 31.05.2016 പകൽ 3 മണിവരെ സീൽഡ് ക്വട്ടേഷൻ സ്വീകരിക്കുന്നതാണ്. ടി ക്വട്ടേഷനിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 10,000/- രൂപ നിരതദ്രവ്യം ഹാജരാക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുകയ്ക്ക് ക്വട്ടേഷൻ നൽകുന്ന ആളിന്റെ പേരിൽ ബോർഡിൽനിന്നും അനുവാദം കിട്ടുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തുകയും ഡിപ്പാർട്ട്മെന്റ് വ്യവസ്ഥകൾക്ക് വിധേയമായി ഡിപ്പാർട്ട്മെന്റ് നിശ്ചയിക്കുന്ന തീയതിക്കുള്ളിൽ മരങ്ങൾ വെട്ടിയെടുത്ത് നിലവിലുള്ള കെട്ടിടങ്ങൾക്ക് യാതൊരുകേടുപാടുമില്ലാതെ നീക്കംചെയ്യേണ്ടതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നപക്ഷം കെട്ടിവച്ച തുക ഡിപ്പാർട്ട്മെന്റിൽ മുതൽകൂട്ടി തുടർനടപടികൾ എടുക്കുന്നതായിരിക്കും. ക്വട്ടേഷൻ നൽകുന്നയാൾ ക്വട്ടേഷൻ നൽകുന്ന തുകയോടൊപ്പം വാണിജ്യ നികുതി വകുപ്പിൽ അടയ്ക്കേണ്ടതായ 14.5% നികുതിയും, വനം വകുപ്പിൽ അടയ്ക്കേണ്ടതായ 5% നികുതിയും അധികമായി ഈ ആഫീസിൽ ഏല്പിക്കേണ്ടതും ആയത് നൽകി രസീത് വാങ്ങേണ്ടതുമാണ്. ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനും, യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, മാറ്റിവയ്ക്കുന്നതിനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഡിപ്പാർട്ട്മെന്റിൽ നിക്ഷിപ്തമായിരിക്കും. ക്വട്ടേഷൻ ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയംവരെ ക്വട്ടേഷൻ നടപടികൾ നടത്തുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് ഈ ആഫീസുമായോ, നെയ്യാറ്റിൻക്കര അസിസ്റ്റന്റ് കമ്മീഷണർ ആഫീസുമായോ, കുറ്റിച്ചൽ ദേവസ്വം ആഫീസുമായോ, www.travancoredevaswomboard.org എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,
ഒപ്പ്
**ജി.കൃഷ്ണകുമാർ**
എക്സിക്യൂട്ടീവ് എഞ്ചിനീയർ
എസ്റ്റേറ്റ് വകുപ്പ്, തിരുവനന്തപുരം-1
0471-2337790

തിരുവനന്തപുരം
23/05/2016